428: /18/HRD

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന്റെയും കായികമേളയുടെയും നിലവിലുള്ള സർക്കാർ വിഹിതം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

**സ.ഉ.(സാധാ) നം./590/2018/ഉ.വി.വ**

തീയതി,തിരുവനന്തപുരം, 27/03/2018

പരാമർശം:- സാങ്കേതിക വിദ്യാഭ്യാസഡയറക്ടറുടെ 20/10/2017 സി1/39998/17 നമ്പർ കത്ത്

**ഉത്തരവ്**

അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന്റെയും, കായികമേളയുടെയും നിലവിലുള്ള സർക്കാർ വിഹിതം 2017-18 അധ്യയന വർഷം മുതൽ വർധിപ്പിക്കണമെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശ കത്ത് പ്രകാരം അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച. അതിൻ പ്രകാരം 2017-18 അധ്യയന വർഷം മുതൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന്റെയും, കായികമേളയുടെയും നിലവിലുള്ള സർക്കാർ വിഹിതം ഒരു ലക്ഷം രൂപ എന്നുള്ളത് രണ്ട് ലക്ഷം രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കലോത്സവത്തിന്റെയും, കായികമേളയുടെയും നടത്തിപ്പിന് ആവശ്യമായ ബാക്കി തുക സ്കൂളുകളിലെ പി.റ്റി.എ. ഫണ്ട് ഇനത്തിലോ സ്പോൺസർഷിപ്പ് മുഖാന്തിരമോ വകയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ.ജയിംസ് രാജ്

ജോയിൻറ് സെക്രട്ടറി

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
5. ഫിനാൻസ് ഡിപ്പാർട്ടമെന്റ്(vide U.O (f)No.641002/EDN-C2/291/2017-FIN dated 27.02.2018)
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ. ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഇൻഡാസ് നമ്പർഡി.ബി2/14270/2017/ഐ.എച്ച്.ആർ.ഡി തീയതി: 09.04.2018 ലെ

ഉത്തരവിന്റെ പകർപ്പ് എല്ലാ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ മേധാവികൾക്ക് അറിവിലേക്കും തുടർനടപടിക്കായി അയക്കുന്നു.

ഒപ്പ്
ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ ടെക്നിക്കൽ ഹയർ സെക്കന്ററി പ്രിൻസിപ്പാൾമാർക്കും.
2. ഓഫീസ് കോപ്പി.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

PR.11.04.2018